# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നം. 2506

19.12.2012-ലെ മറുപടിക്ക്

### മാനസികാരോഗ്യ കേന്ദ്രങ്ങളിൽ നടന്ന അസ്വാഭാവിക മരണങ്ങൾ

**ചോദ്യം**

ശ്രീ. പി.കെ. ബഷീർ
ശ്രീ. എം. ഉമ്മർ
ശ്രീ. കെ.എം. ഷാജി
ശ്രീ. റ്റി.എ. അഹമ്മദ് കബീർ

എ) സംസ്ഥാനത്തെ മാനസികാരോഗ്യ കേന്ദ്രങ്ങളിൽ കഴിഞ്ഞ മൂന്നു വർഷത്തിനിടെ നടന്ന അസ്വാഭാവിക മരണങ്ങളെക്കുറിച്ച് വിശദമായ അന്വേഷണം നടന്നിട്ടുണ്ടോ;

**ഉത്തരം**

ശ്രീ. വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

എ) മാനസികാരോഗ്യ കേന്ദ്രങ്ങളിൽ നടക്കുന്ന അസ്വാഭാവിക മരണങ്ങൾ എല്ലാം തന്നെ പോലീസിൽ റിപ്പോർട്ട് ചെയ്യുകയും, പോസ്റ്റ്മോർട്ടം ഉൾപ്പെടെയുള്ള അനന്തര നടപടികളും അന്വേഷണങ്ങളും പോലീസ് നടത്തുകയും ചെയ്യുന്നു. കൂടാതെ ആശുപത്രി തലത്തിലുള്ള അന്വേഷണവും നടത്താറുണ്ട്. അസ്വാഭാവിക മരണങ്ങളെക്കുറിച്ച് ഏതെങ്കിലും രീതിയിലുള്ള പരാതികൾ ലഭിക്കുമ്പോഴാണ് ആരോഗ്യ വകുപ്പു തലത്തിൽ അന്വേഷണം നടത്താറുള്ളത്.

<u>മാനസികാരോഗ്യ കേന്ദ്രം, തിരുവനന്തപുരം</u>

ഈ കാലയളവിൽ 3 അസ്വാഭാവിക മരണങ്ങളാണ് ഈ കേന്ദ്രത്തിൽ റിപ്പോർട്ട് ചെയ്തത്

<u>മാനസികാരോഗ്യ കേന്ദ്രം, തൃശ്ശൂർ</u>

ഈ കാലയളവിൽ ഈ കേന്ദ്രത്തിൽ 2 അസ്വാഭാവിക മരണങ്ങളാണ് റിപ്പോർട്ട് ചെയ്തത്

<u>മാനസികാരോഗ്യ കേന്ദ്രം, കോഴിക്കോട്</u>

ഈ കാലയളവിൽ 8 അസ്വാഭാവിക മരണങ്ങളാണ് നടന്നിട്ടുള്ളത്. അതിൽ 7 എണ്ണം ആത്മഹത്യയായിരുന്നു. ഒരാൾ കോഴിക്കോട് മെഡിക്കൽ കോളേജിൽ വച്ചാണ് മരണമടഞ്ഞത്.

| | | | |
|---|---|---|---|
| ബി) | എങ്കിൽ അന്വേഷണത്തിൽ വെളിപ്പെട്ട കാര്യങ്ങളും തുടർ നടപടികളും സംബന്ധിച്ച വിശദവിവരം നല്കുമോ: | ബി) | <u>മാനസികാരോഗ്യ കേന്ദ്രം, തിരുവനന്തപുരം</u><br><br>**19/9/2011-ൽ നിസാർ എന്ന രോഗി 6-ാം വാർഡിൽ തൂങ്ങി മരിച്ചു. വാർഡിൽ കെട്ടിത്തൂങ്ങി കാണപ്പെട്ടപ്പോൾ കഴുത്തിൽ കെട്ടിയ ലുങ്കി ജീവനക്കാർ മുറിച്ചു മാറ്റുകയും ഡോക്ടറെ വിവരമറിയിക്കുകയും ചെയ്തു. പോലീസ് ഏറ്റെടുത്ത മൃതദേഹം 20/9/2011 -ൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പോസ്റ്റമോർട്ടം നടത്തി അനന്തരം മൃതദേഹം ബന്ധുക്കൾക്ക്** വിട്ടുകൊടുത്തു.<br><br>4/8/2012 -ൽ ബീഹാർ സ്വദേശി സത്നാം സിങ് മരിക്കാനിടയായതാണ് പരാതിക്ക് ഇടയാക്കിയ മറ്റൊരു അസ്വാഭാവിക മരണം. ഈ സംഭവത്തെപ്പറ്റി ക്രൈംബ്രാഞ്ച് തലത്തിലും ആരോഗ്യ വകുപ്പ് തലത്തിലും പ്രത്യേകം പ്രത്യേകം അന്വേഷണം നടത്തുകയും സംഭവവുമായി ബന്ധമുണ്ടെന്ന് പ്രഥമദൃഷ്ട്യാ കണ്ടെത്തിയവരുടെ പേരിൽ സസ്പെൻഷൻ ഉൾപ്പെടെയുള്ള ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 2 ഡോക്ടർമാരെ സ്ഥലം മാറ്റുകയും ഒരു എ.ൻ. ആർ.എച്ച്.എം ഡോക്ടറെ പിരിച്ചു വിടുകയും ഒരു സ്റ്റാഫ് നേഴ്സിനേയും 2 അറ്റന്റർമാരെയും സസ്പെന്റ് ചെയ്യുകയും ചെയ്തു. ക്രൈംബ്രാഞ്ചിന്റെ അന്വേഷണത്തെ തുടർന്നുള്ള പ്രതിപ്പട്ടികയിൽ ഒരു താൽക്കാലിക ജയിൽ ജീവനക്കാരനും. മാനസികാരോഗ്യ കേന്ദ്രത്തിലെ ഒരു സ്ഥിരം ജീവനക്കാരനും ഫോറൻസിക് വാർഡിലെ 4 അന്തേവാസികളും ഉൾപ്പെടെ 6 പേർ ഈ സംഭവത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. ഈ കേസ് ഇപ്പോൾ കോടതിയുടെ പരിഗണനയിലാണ്.<br><br>4/12/2012 -ൽ ഫോറൻസിക് വാർഡിൽ മറ്റൊരു അസ്വാഭാവിക മരണവും റിപ്പോർട്ട് ചെയ്തു. ടി വാർഡിലെ 10-ാം നമ്പർ സെല്ലിൽ വെങ്കിടേശപ്പ എന്ന ആന്ധ്രാപ്രദേശ് സ്വദേശിയും തിരുവനന്തപുരം സ്വദേശിയായ സുരേഷ് ബാബു എന്ന മറ്റൊരു രോഗിയേയും 2/12/2012 മുതൽ ഒന്നിച്ചു പാർപ്പിക്കുകയുണ്ടായി. 4/12/2012 -ന് രാവിലെ വെങ്കിടേശപ്പയെ ടി സെൽ റൂമിൽ മരിച്ച നിലയിൽ കണ്ടെത്തി. സ്വാഭാവിക മരണമെന്നാണ് **ആദ്യം കരുതിയതെങ്കിലും** 6/12/2012 -ൽ ടി സെൽ റൂമിൽ കൂടെയുണ്ടായിരുന്ന രോഗിയായ സുരേഷ് ബാബുവിന്റെ വെളിപ്പെടുത്തലിൽ നിന്നും ഇത് അസ്വാഭാവിക മരണമാകാം എന്ന് സംശയമുണ്ടായി. ഇതിനെപ്പറ്റി അന്വേഷിക്കുവാൻ സംസ്ഥാന ഗവൺമെന്റ് ഒരു നാലംഗ വിദഗ്ധ സമിതിയെ 15/12/2012 -ൽ ചുമതലപ്പെടുത്തി. വിശദമായ |

തെളിവെടുപ്പിനുശേഷം 17/12/2012 -ൽ പ്രസ്തുത സമിതി അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. സുരേഷ് ബാബു എന്ന രോഗിയുടെ മർദ്ദനം മൂലമാണ് വെങ്കിടേശപ്പ മരിക്കാൻ ഇടയായത് എന്നാണ് വിദഗ്ധ സമിതിയുടെ നിഗമനം. പോലീസ് തലത്തിലുള്ള അന്വേഷണവും നടന്നുവരുന്നുണ്ട്. 4/12/2012 -ലെ പോസ്റ്റ്മോർട്ടം റിപ്പോർട്ട് പ്രകാരം കഴുത്തിനും തലയ്ക്കുമുണ്ടായ ക്ഷതം മൂലമാണ് മരണം സംഭവിച്ചിരിക്കുന്നത്.

<u>മാനസികാരോഗ്യ കേന്ദ്രം, തൃശ്ശൂർ</u>

ലക്ഷ്മി എന്ന രോഗി 30/8/2010 -ൽ തൃശ്ശൂർ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിന്റെ ഉത്തരവു പ്രകാരമാണ് അഡ്മിറ്റ് ചെയ്യപ്പെട്ടത്. 23/3/2012-ൽ വെള്ളത്തിന്റെ ടാങ്കിൽ മുങ്ങി മരിച്ചതായി കാണപ്പെട്ടു. മൃതദേഹം പോസ്റ്റ്മോർട്ടത്തിനു ശേഷം പൊതു ശ്മശാനത്തിൽ മറവുചെയ്തു. ഷബ്ന എന്ന രോഗിയെ 14/4/2011 -ലാണ് അഡ്മിറ്റ് ചെയ്തത്. 1/5/2011-ന് വാർഡിന്റെ പുറത്തു നിൽക്കുമ്പോൾ പ്ലാവിന്റെ കൊമ്പൊടിഞ്ഞു ദേഹത്ത് വീണ് തലപൊട്ടി. തൃശ്ശൂർ ജില്ലാ ആശുപത്രിയിൽ വച്ച് മരിച്ചു. മൃതദേഹം പോസ്റ്റ്മോർട്ടത്തിനുശേഷം ബന്ധുക്കൾക്ക് വിട്ടുകൊടുത്തു.

<u>മാനസികാരോഗ്യ കേന്ദ്രം, കോഴിക്കോട്</u>

ആശുപത്രി അടിസ്ഥാനമാക്കി അന്വേഷണവും കൂടാതെ പോലീസ് വകുപ്പ് മുഖേനയുള്ള അന്വേഷണവും ഇക്കാര്യത്തിൽ നടന്നിട്ടുണ്ട്.

(സി) മാനസിക രോഗികളെപ്പോലെ തന്നെ, അവിടെ ജോലി ചെയ്യുന്ന നല്ല ശതമാനം ജീവനക്കാരും അക്രമവാസനയുള്ളവരാണെന്ന നിരീക്ഷണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ജീവനക്കാരുടെ രോഗികളോടുള്ള പെരുമാറ്റം മെച്ചപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് ഇതെതുടർന്ന് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

(സി) ഇങ്ങനെ ഒരു നിരീക്ഷണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മനോരോഗികളുടെ മനുഷ്യാവകാശങ്ങളെക്കുറിച്ചും, മനോരോഗികളോട് പ്രത്യേകിച്ച് അക്രമാസക്തി ഉള്ളവരോട് എങ്ങനെയാണ് സമചിത്തതയോടെ പെരുമാറേണ്ടത് എന്നതിനെക്കുറിച്ചും തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നീ മാനസികാരോഗ്യ കേന്ദ്രങ്ങളിലെ ഡോക്ടർമാർ ഒഴികെയുള്ള എല്ലാ ജീവനക്കാർക്കും വേണ്ടി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി. ഇത്തരം പരിപാടികൾ 6 മാസത്തിലൊരിക്കൽ തുടരന്നു നടത്തണമെന്നും തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ